(ബി) ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

(എ&ബി) കിഫ്ബി ധനസഹായത്തോടെ മത്സ്യ മാർക്കറ്റുകൾ നിർമ്മിക്കുന്ന പദ്ധതിയിൽ അനുമതി ലഭിച്ചവയിൽ കോട്ടയം ജില്ലയിലെ മത്സ്യമാർക്കറ്റുകൾ ഉൾപ്പെട്ടിട്ടില്ല.

നായരമ്പലം ഗ്രാമപഞ്ചായത്തിലെ ഫിഷ് മാർക്കറ്റിന്റെ നവീകരണം

337(1083) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ നായരമ്പലം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഫിഷ് മാർക്കറ്റിന്റെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ തെരഞ്ഞെടുത്ത മത്സ്യ മാർക്കറ്റുകൾ കിഫ്ബി ധന സഹായത്തോടെ പുനരുദ്ധരിക്കുന്നതിനായി 193.46 കോടി രൂപയുടെ പദ്ധതിക്ക് തത്ത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ടി അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നായരമ്പലം മത്സ്യമാർക്കറ്റ് നിർമ്മാണത്തിനായി വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചതു പ്രകാരം 243.858 ലക്ഷം രൂപയുടെ അനുമതി കിഫ്ബി നൽകി. നിലവിൽ DSR rate revision വന്നതിനാൽ എസ്റ്റിമേറ്റ് പുതുക്കി കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതാണ്.

(ബി) 29-6-2018-ൽ ഫിഷറീസ് വകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ളതും കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷനെ എസ്.പി.വി.-യായി നിയമിച്ചിട്ടുള്ളതുമായ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ സംസ്ഥാനത്തെ വിദ്യാഭ്യാസാടിസ്ഥാന സൗകര്യ വികസനത്തിനും മത്സ്യമാർക്കറ്റുകളുടെ നിർമ്മാണത്തിനുമായി കിഫ്ബിയുടെ ധനസഹായം ലഭ്യമാക്കുന്നതിനായി സർക്കാർ എസ്.പി.വി.-യാക്കി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തികളുടെ വിശദമായ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും 57 വിദ്യാഭ്യാസാടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് അംഗീകാരം നൽകിയിരുന്നു. ഇതിൽ 48 സ്കൂൾ പ്രവൃത്തികൾ ഏർപ്പാടാക്കിയിട്ടുള്ളതാണ്. സാങ്കേതിക തടസ്സങ്ങളുള്ള ബാക്കി പ്രവൃത്തികൾ ഈ വർഷം ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

51 മത്സ്യമാർക്കറ്റ് നിർമ്മാണ പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിരുന്നു. ഇതിൽ സാങ്കേതിക തടസ്സങ്ങൾ ഇല്ലാത്തവയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ DSR rate revision ബാക്കിയുള്ള മത്സ്യമാർക്കറ്റുകളുടെ എസ്റ്റിമേറ്റ് പുതുക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്ന നടപടികൾ കൈക്കൊണ്ടുവരുന്നു. ആയത് ലഭ്യമാക്കി ടെണ്ടർ ചെയ്യുന്നതാണ്.

(സി) എന്തെല്ലാം നവീകരണ പ്രവൃത്തികളാണ് പ്രസ്തുത പദ്ധതി പ്രകാരം ഫിഷ് മാർക്കറ്റിൽ ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

നായരമ്പലം മത്സ്യമാർക്കറ്റ് നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി 463.32 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ഒരു ഇരുനില കെട്ടിടമായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന മത്സ്യമാർക്കറ്റിൽ 16 വിപണന സ്റ്റാളുകൾ, ഒരു ലേല ഹാൾ, ചിൽ റൂം സംവിധാനം, ഓഫീസ് മുറി, ക്വാളിറ്റി കൺട്രോൾ റൂം, ടോയ്ലറ്റ് സംവിധാനം എന്നിവ ഉണ്ടായിരിക്കുന്നതാണ്.

മത്സ്യത്തൊഴിലാളി ഓംബുഡ്സ്മാൻ

338 (1084) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ മത്സ്യത്തൊഴിലാളി ഓംബുഡ്സ്മാനെ നിയമിക്കുന്നത് സർക്കാരിന്റെ ആലോചനയിലുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

ബ്ലൂ-ഇക്കോണമി നയത്തിന്റെ പ്രത്യാഘാതങ്ങൾ

339(1085) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിനെ ആശ്രയിച്ചു ജീവിക്കുന്നവരുടെ ആശങ്കയും പ്രതിഷേധവും കണക്കിലെടുക്കാതെ കടൽധാതുക്കൾ കുത്തകകൾക്ക് തീറെഴുന്നതായി പറയപ്പെടുന്ന ബ്ലൂ-ഇക്കോണമി നയം പ്രവർത്തികമാക്കരുതെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;